**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 143** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>കർഷക ക്ഷേമ പ്രവർത്തനങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. പ്രസാദ്

ശ്രീമതി ഗീതാ ഗോപി

ശ്രീ. കെ. കെ. വത്സരാജ്

ശ്രീ. സി. അജയപ്രസാദ്

ശ്രീ. ടി. സിദ്ദീഖ്
(കൃഷി വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് കാർഷികോത്പാദനം വർദ്ധിപ്പിക്കുന്നതിന് മുൻ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

**<u>മറുപടി:</u>** സംസ്ഥാനത്ത് കാർഷികോത്പാദനം വർദ്ധിപ്പിക്കുന്നതിന് മുൻ സർക്കാർ നടപ്പിലാക്കിയ പദ്ധതികളെ സംബന്ധിച്ച് ഫീൽഡ് തലത്തിൽ സാമ്പിളുകൾ ഉപയോഗിച്ചുകൊണ്ടുള്ള ശാസ്ത്രീയമായ വിലയിരുത്തൽ പഠനം നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടില്ല.

**(ബി)** പ്രതികൂല സാഹചര്യത്തിലും സംസ്ഥാനത്തെ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും അവർക്ക് സമൂഹത്തിൽ നന്നായി ജീവിക്കുന്നതിനും ഉതകുന്ന പദ്ധതികളിലൂടെ മുൻ സർക്കാർ നടപ്പാക്കിയ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

**<u>മറുപടി:</u>** വിലയിരുത്തി വരുന്നു.

**(സി)** പ്രകൃതി ദുരന്തങ്ങൾ മൂലം പ്രതിസന്ധിയിലാകുന്ന കർഷകർക്ക് കൈത്താങ്ങായ വിള ഇൻഷ്വറൻസ് പോലുള്ള പദ്ധതികൾ തുടരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

**<u>മറുപടി:</u>** ഉണ്ട്. പ്രകൃതി ദുരന്തങ്ങൾ, കാലാവസ്ഥാ വ്യതിയാനം, കീട-രോഗബാധ തുടങ്ങിയവ മൂലം വർധിച്ചുവരുന്ന കാർഷിക അപകടസാധ്യതകൾ കണക്കിലെടുത്ത് കർഷകർക്ക് സാമ്പത്തിക സുരക്ഷ ഉറപ്പാക്കുന്നതിനും കൃഷി ഉപേക്ഷിക്കാതെ തുടരുന്നതിന് സഹായകമാകുന്ന വിള ഇൻഷ്വറൻസ് പദ്ധതികൾ സർക്കാർ തുടർന്നും ശക്തമായി നടപ്പിലാക്കുന്നതാണ്.

സംസ്ഥാനത്ത് നിലവിൽ പുനരാവിഷ്കൃത സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി, പുനരാവിഷ്കൃത കാലാവസ്ഥാ അധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി (RWBCIS) എന്നിവ നടപ്പിലാക്കി വരുന്നു. വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂമികുലുക്കം/ഭൂകമ്പം, കടലാക്രമണം, ചുഴലിക്കാറ്റ്, കൊടുങ്കാറ്റ്, ഇടിമിന്നൽ, കാട്ടുതീ എന്നീ പ്രകൃതിക്ഷോഭങ്ങളിൽ നിന്നും വന്യമൃഗ ശല്യം, കീട-രോഗബാധ തുടങ്ങിയ കാരണങ്ങളാൽ ഉണ്ടാകുന്ന വിളനാശങ്ങളിൽ നിന്നും കർഷകർക്ക് സാമ്പത്തിക പരിരക്ഷ ഉറപ്പാക്കുക എന്നതാണ് ഈ പദ്ധതികളുടെ പ്രധാന ലക്ഷ്യം. ഇതിലൂടെ മാറിവരുന്ന

കാർഷിക സാഹചര്യങ്ങൾക്കും കർഷകരുടെ ആവശ്യങ്ങൾക്കും അനുസൃതമായി പദ്ധതിയെ കാലാനുസൃതമായി നവീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

തെങ്ങ്, കമുക്, റബ്ബർ, കശുമാവ്, വാഴ, മരച്ചീനി, കൈതച്ചക്ക, കുരുമുളക്, ഏലം, ഇഞ്ചി, മഞ്ഞൾ, കാപ്പി, തേയില, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പു, വെറ്റില, പയറു വർഗ്ഗങ്ങൾ, കിഴങ്ങു വർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ, കരിമ്പ്, പുകയില, നെല്ല്, മാവ് എന്നീ വിളകൾക്കു സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിലൂടെ സംരക്ഷണം ലഭിക്കുന്നത്. തെങ്ങു, റബ്ബർ, കാപ്പി, തേയില, ഏലം എന്നീ വിളകൾ ഒഴികെ മറ്റെല്ലാ വിളകൾക്കും പുനരാവിഷ്കൃത കാലാവസ്ഥാ അധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയിലൂടെ സംരക്ഷണം ലഭിക്കുന്നു.

വിള ഇൻഷ്വറൻസ് പദ്ധതികളിൽ അംഗങ്ങളാകുന്ന കർഷകർക്ക് നിർദ്ദിഷ്ട വ്യവസ്ഥകൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും വിധേയമായി വിളനാശം സംഭവിക്കുന്ന സാഹചര്യങ്ങളിൽ നഷ്ടപരിഹാരം ലഭ്യമാക്കുന്നുണ്ട്. സംസ്ഥാന സർക്കാർ കർഷകരുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനായി സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയുടെ പ്രീമിയം നിരക്ക് വർഷങ്ങളായി വർധിപ്പിക്കാതെ നിലനിർത്തിയിരിക്കുകയാണ്. ചെറുകിട, നാമമാത്ര ഭൂവുടമസ്ഥതയുള്ള കർഷകർക്കുപോലും വളരെ കുറഞ്ഞ ചെലവിൽ ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാകുന്നുണ്ട്.

കൂടാതെ, സ.ഉ.(കൈ) നം.32/2026/AGRI തീയതി 13.03.2026 പ്രകാരം സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി കൂടുതൽ വിപുലീകരിച്ചിട്ടുണ്ട്. പുതിയ ഫലവർഗ്ഗങ്ങൾ (പപ്പായ, റംബൂട്ടാൻ, പേര, പാഷൻ ഫ്രൂട്ട്, സപ്പോട്ട, അവക്കാഡോ, ഡ്രാഗൺ ഫ്രൂട്ട്, ലിച്ചി) പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തുകയും, ഉപ്പുവെള്ളം കയറിയുണ്ടാകുന്ന നാശം, മാവിലെ കീട-രോഗബാധ മൂലമുണ്ടാകുന്ന നാശം എന്നിവയ്ക്കും ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

കാലാവസ്ഥാ വ്യതിയാനവും പ്രകൃതി ദുരന്തങ്ങളുടെ ആവർത്തനവും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ കർഷകരുടെ വരുമാന സുരക്ഷ ഉറപ്പാക്കുന്നതിനും കാർഷിക മേഖലയിലെ അപകടസാധ്യത കുറയ്ക്കുന്നതിനും വിള ഇൻഷ്വറൻസ് പദ്ധതികൾ ശക്തിപ്പെടുത്തുന്നതിനും കൂടുതൽ കർഷകരെ പദ്ധതിയുടെ പരിധിയിൽ കൊണ്ടുവരുന്നതിനും സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

**(ഡി)** ഉല്പന്നങ്ങൾക്ക് അടിസ്ഥാന വില നിശ്ചയിക്കുന്നതിനും അവയുടെ സംഭരണത്തിനും ഏർപ്പെടുത്തിയിരുന്ന ക്രമീകരണങ്ങൾ വിശദമാക്കുമോ?

**<u>മറുപടി:</u>** കേരള ഫാം ഫ്രഷ് പഴം-പച്ചക്കറി അടിസ്ഥാന വില പദ്ധതിയുടെ ഭാഗമായി നിലവിൽ 16 ഇനം പഴം- പച്ചക്കറി ഉൽപ്പന്നങ്ങൾക്ക് അടിസ്ഥാന വില പ്രഖ്യാപിച്ചിട്ടുണ്ട്. ഓരോ ഉൽപ്പന്നത്തിന്റെയും ഉൽപ്പാദനച്ചെലവ് പരിഗണിച്ചു കൊണ്ട്, ഉൽപ്പാദനച്ചെലവിന്റെ കുറഞ്ഞത് 20 ശതമാനം അധികം ലഭിക്കുന്ന തരത്തിലാണ് അടിസ്ഥാന വില നിർണയിക്കുന്നത്. നിലവിലുള്ള അടിസ്ഥാന വില 2020 നവംബർ മാസത്തിൽ പദ്ധതി ആരംഭിച്ച സമയത്ത് തീരുമാനിച്ചതാണ്. ഈ അടിസ്ഥാന വില പുതുക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിൽ സർക്കാരിന്റെ പരിഗണനയിലാണ്.

ഉൽപ്പന്നങ്ങളുടെ സംഭരണത്തിനായി സംസ്ഥാനത്ത് വിവിധ തലങ്ങളിൽ ശീതീകരണ ശാലകൾ, പാക്ക് ഹൗസുകൾ, സംഭരണ കേന്ദ്രങ്ങൾ, കാർഷിക മൊത്തവിപണികൾ, കർഷക ഉൽപ്പാദക സംഘടനകൾ (FPO), വിപണി ഇടപെടൽ ഏജൻസികൾ എന്നിവയുടെ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിവരുന്നു. കൂടാതെ, വിളവെടുപ്പിന് ശേഷമുള്ള നഷ്ടം കുറയ്ക്കുന്നതിനും കർഷകർക്ക് മെച്ചപ്പെട്ട വിപണന അവസരങ്ങൾ ഉറപ്പാക്കുന്നതിനുമായി ശീതശൃംഖല (Cold Chain)

സംവിധാനങ്ങൾ, മൂല്യവർധിത സംസ്കരണ യൂണിറ്റുകൾ, സംഭരണ-വിപണന അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും സർക്കാർ സ്വീകരിച്ചുവരുന്നു.

പഴം-പച്ചക്കറി ഉൽപ്പന്നങ്ങളുടെ സംഭരണവും വിപണനവും കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി വിവിധ പദ്ധതികളിലൂടെ ആധുനിക സംഭരണ സൗകര്യങ്ങളും വിപണി അടിസ്ഥാന സൗകര്യങ്ങളും വികസിപ്പിക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**